# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2013-14 സാമ്പത്തിക വർഷത്തെ കെട്ടിട നികുതി കുടിശ്ശിക വരുത്തിയവർക്ക് 30-6-2014 വരെ പിഴപ്പലിശ ഒഴിവാക്കി ഒറ്റത്തവണയായി അടയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (എം.എസ്) നം. 106/2014/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 9-6-2014

**പരാമർശം :-**

1. 30-3-2014 തീയതിയിലെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ കത്ത്
2. 26-5-2014 തീയതിയിലെ ഡിസ്ട്രിക്ട് കോൺഗ്രസ് (ഐ) കമ്മിറ്റി പ്രസിഡന്റിന്റെ കത്ത്.
3. 26-5-2014 തീയതിയിലെ മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ ചെയർമാന്റെ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട കെട്ടിടനികുതി കുടിശ്ശിക വരുത്തിയവർക്ക് പിഴപ്പലിശ ഒഴിവാക്കി കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കാൻ അനുമതി നൽകണമെന്ന് പരാമർശം (1), (2), (3) പ്രകാരം യഥാക്രമം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയർ, ഡിസ്ട്രിക്ട് കോൺഗ്രസ് (ഐ) കമ്മിറ്റി പ്രസിഡന്റ്, മുനിസിപ്പൽ ചെയർമാരുടെ ചേമ്പർ ചെയർമാൻ എന്നിവർ അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. നികുതി പിരിവ് ത്വരിതപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതിയുടെ പിഴപ്പലിശ ഒഴിവാക്കിക്കൊണ്ട് എല്ലാവർഷവും മാർച്ച് മാസത്തിൽ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. പാർലമെന്റ് തെരഞ്ഞെടുപ്പ് വിജ്ഞാപനം നിലവിൽ വന്നതിനെ തുടർന്ന് 2014 മാർച്ച് മാസത്തിൽ ഉത്തരവിറക്കാൻ കഴിയാതെ വന്നു. ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട കെട്ടിട നികുതി കുടിശ്ശിക വരുത്തിയവർക്ക് 30-6-2014 വരെ പിഴപ്പലിശ ഒഴിവാക്കി കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,<br>
എ.പി.എം.മൊഹമ്മദ് ഹനീഷ്<br>
സെക്രട്ടറി.

പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ്
ന്യൂ വെബ് മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.